പതിമൂന്നാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5606 | 02.07.2014-ൽ മറുപടിയ്ക്ക്

## ഗ്രേഡ് 1 ലാബ് ടെക്നീഷ്യന്മാരുടെ സ്ഥലംമാറ്റ നിയമനങ്ങൾ

| ചോദ്യം<br>ശ്രീ. വി ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ (ഗ്രേഡ് I) മാരുടെ നടപ്പുവർഷത്തിലെ സ്ഥലംമാറ്റ നിയമനങ്ങൾ 2014 മേയ് മാസത്തിൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 2014 മേയ് മാസം 31-ാം തീയതി ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് 1-മാരുടെ സ്ഥലംമാറ്റത്തിനായി കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഗ്രേഡ് 1-ന്റെ സ്ഥലംമാറ്റം 18.06.2014-ൽ പൂർത്തിയായിട്ടുമുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലമാറ്റ നിയമനങ്ങൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക വിരുദ്ധമാണോ അല്ലയോയെന്ന് വിശദമാക്കുമോ; | (ബി) | സ്ഥലംമാറ്റം പൊതു മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആണ് നടത്തിയിട്ടുള്ളത്. |
| (സി) | വിവിധ ജില്ലകളിൽ ഗ്രേഡ് I തസ്തികയിൽ എത്ര ലബോറട്ടറി ടെക്നീഷ്യന്മാർ അധികമായി നിലവിലുണ്ടെന്ന് ജില്ലയും ടി ഉദ്യോഗസ്ഥരുടെ പേരും ഉൾപ്പെടെ വിശദമാക്കുമോ; | (സി) | തിരുവനന്തപുരം ജില്ലയിൽ 21 പേരും, കൊല്ലം ജില്ലയിൽ 4 പേരും ആലപ്പുഴ ജില്ലയിൽ 7 പേരും മലപ്പുറം ജില്ലയിൽ 11 പേരും കണ്ണൂർ ജില്ലയിൽ 2 പേരും അധികമായി ജോലി ചെയ്യുന്നതായി നിലവിൽ അധികതസ്തികകൾ എത്രയെന്നുമാത്രമേ കണ്ടെത്തിയിട്ടുള്ളൂ. നിലവിലുള്ള ലാബ് ടെക്നീഷ്യന്മാരുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്ന പ്രക്രിയ പൂർത്തിയായാൽ മാത്രമേ അധിക തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേര് വിവരം വ്യക്തമാകുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | മേൽപ്പറഞ്ഞ അധിക തസ്തികകളിൽ നിന്നും സ്ഥലംമാറ്റപ്പെടുകയാണെങ്കിൽ അതാത് ജില്ലകളിലെ ജൂനിയർ ആയ ഉദ്യോഗസ്ഥരെയാണോ സ്ഥലംമാറ്റുവാൻ ഉദ്ദേശിക്കുന്നതെന്നും, ടിയാളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (പേരുകൾ ഉൾപ്പെടെ) വിശദമാക്കുമോ? | (ഡി) | ഗ്രേഡ് I ലാബ് ടെക്നീഷ്യൻ വിഭാഗത്തിലെ അധിക തസ്തികകൾ പുനർവിന്യസിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ടി തസ്തികയിൽ ജില്ലയിൽ ജോലി ചെയ്യുന്ന ജൂനിയറായ ജീവനക്കാരെയാണ് സ്ഥലംമാറ്റേണ്ടത്. ഇവരുടെ പേരുവിവരം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുകയാണ്. |

**സെക്ഷൻ ഓഫീസർ**